(സി) ഉണ്ട്.

(ഡി) അന്വേഷണം ഇടയ്ക്കു നടത്തിവരുന്നു. പൂർത്തിയായിട്ടില്ല.

പൊതുതിരഞ്ഞെടുപ്പ്.

* 863. [8] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത പൊതുതിരഞ്ഞെടുപ്പ് എപ്പോൾ നടത്തണമെന്നതു സംബന്ധിച്ച് ഇലക്ഷൻ കമ്മിഷനോ, കേന്ദ്രഗവണ്മെന്റോ സംസ്ഥാനഗവണ്മെന്റിനോട് എന്തെങ്കിലും അഭിപ്രായം ചോദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനഗവണ്മെന്റ് അതിനു് എന്തു മറുപടി നൽകുകയുണ്ടായി ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ബി. സി. ജി. കുത്തിവയ്പ്.

* 864. [14] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ബി. സി. ജി. കുത്തിവയ്പ് നടത്തിയിട്ടുള്ളവരുടെ മൊത്തം സംഖ്യ എത്ര ;

(ബി) ഈ കുത്തിവയ്പിനെപ്പറ്റിയുള്ള അനന്തരഫലങ്ങളെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ഈ കുത്തിവയ്പ് ആരോഗ്യത്തിനു് ഹാനികരമാണെന്നുള്ള അഭിപ്രായം ഉണ്ടായിട്ടുള്ളതിനെപ്പറ്റി വിശേഷവിധിയായി മന്ത്രിക്ക് എന്തു പറയാനുണ്ട് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) 1955 ജൂലൈ അവസാനംവരെ 12,24,316.

(ബി) ഉണ്ട്. കേന്ദ്രഗവണ്മെന്റിന്റെയും, ഐക്യരാഷ്ട്രശിശുസംരക്ഷ നിധി (UNICEF) യുടെയും സംയുക്താഭിമുഖ്യത്തിൽ ബി. സി. ജി. കുത്തിവയ്പ് നടത്തിക്കഴിഞ്ഞിരുന്ന പ്രദേശങ്ങളിലെ ചില സ്ഥാപനങ്ങളിൽ വീണ്ടുംവിദഗ്ദ്ധന്മാർ പരിശോധനകൾ മുന്നു ഘട്ടങ്ങളിൽ നടത്തിയിട്ടുണ്ട്.

(സി) ഈ കുത്തിവയ്പ് ഹാനികരമല്ലെന്നുള്ളതാണ് വിദഗ്ദ്ധാഭിപ്രായം.

ഭൂമിയുടെ പരിധിനിർണ്ണയം.

* 865. [15] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ പരിധി നിർണ്ണയിക്കുന്ന കാര്യത്തിൽ കാൺഗ്രസ്സിന്റെ പാളിസി എന്തു് ; പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശമനു

LIBRARY ARCHIVES Kerala Legislative Assembly

സരിച്ചല്ലേ നിലവിലുള്ള ബില്ലുകൾ പി. എസ്സ്. പി. സക്കാർ എഴുതി ഉണ്ടാക്കിയതു് ;

(ബി) കാൺഗ്രസ്സു് മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ പുതിയ നിർദ്ദേശങ്ങൾ വല്ലതും പ്ലാനിംഗ് കമ്മിഷൻ തന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പ്ലാനനുസരിച്ചു ബില്ലു് വ്യത്യാസപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഭൂനയത്തെപ്പറ്റിയുള്ള കാൺഗ്രസ്സിന്റെ അഭിപ്രായം സംബന്ധിച്ചു് തിരുവിതാംകൂർ–കൊച്ചി പ്രദേശ് കാൺഗ്രസ്സു് കമ്മിറ്റി ഒരു പ്രമേയം പാസ്സാക്കിയിട്ടുള്ളതായി അറിയാം. അതു് പി. സി. സി. ബുള്ളറ്റിനിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. നിലവിലുള്ള ബില്ലുകൾ പി. എസ്സ്. പി. സക്കാർ തയ്യാറാക്കിയതു് പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശമനുസരിച്ചല്ല.

(ബി) കാൺഗ്രസ്സു് മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ പുതിയ നിർദ്ദേശങ്ങൾ പ്ലാനിംഗ് കമ്മീഷൻ തന്നിട്ടില്ല.

കാർഷികാവശ്യങ്ങൾക്കു് ലഭിച്ച ഇരുമ്പും, ഉരുക്കും.

* 866. [19] ശ്രീ. എൻ. രാഘവക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955–56–ൽ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലെ കാർഷികാവശ്യങ്ങൾക്കായി എത്ര ടൺ ഇരുമ്പും, ഉരുക്കും ലഭിച്ചിട്ടുണ്ടു് ;

(ബി) അവ കൃഷിക്കാർക്കു് കിട്ടത്തക്കവിധത്തിൽ വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ എന്തെല്ലാം ;

(സി) ഇപ്രകാരം കിട്ടുന്ന ഇരുമ്പും, ഉരുക്കും കൊണ്ടുള്ള കാർഷികോപകരണങ്ങളുടെ വില്പനവില നിയന്ത്രിച്ചിട്ടുണ്ടോ എന്നു് പരിശോധിക്കുന്നതിനു് ഗവണ്മെന്റിനു് എന്തെങ്കിലും ഏർപ്പാടുകൾ ഉണ്ടോ ;

(ഡി) കാർഷികാവശ്യങ്ങൾക്കായി കിട്ടുന്ന ഇരുമ്പും, ഉരുക്കും മറ്റാവശ്യങ്ങൾക്കു് ഉപയോഗിക്കാറുണ്ടോ ?

ആരോഗ്യവകുപ്പു് മന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) 159 ടൺ, 13 cwt: 78 റാത്തൽ ഇരുമ്പു് ലഭിച്ചിട്ടുണ്ടു്.

(ബി) കൃഷിയാവശ്യങ്ങൾക്കായി ഇരുമ്പു് ആവശ്യമുള്ളവർ കൃഷി ഡിപ്പാർട്ടുമെന്റിൽ അപേക്ഷിച്ചാൽ സ്റ്റാക്കനുസരിച്ചു പെർമിറ്റു കൊടുക്കുന്നതും, ആ പെർമിറ്റുപ്രകാരം സ്റ്റോക്കിസ്റ്റിന്റെ പക്കൽനിന്നും ലഭിക്കുന്നതുമാണു്.

(സി) വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

(ഡി) മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായി ഗവണ്മെന്റിനു് അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly